**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 39** **10.03.2015-ൽ മറുപടിയ്ക്ക്**

## വൈദ്യുതി കൺട്രോൾ റൂമുകളുടെ പ്രവർത്തനം.

ചോദ്യം

ശ്രീമതി. ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. ഇ. ചന്ദ്രശേഖരൻ :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി കൺട്രോൾ റൂമുകളുടെ പ്രവർത്തനം നിറുത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. എന്നാൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളുടെ പ്രവർത്തനം പ്രസ്തുത നഗരങ്ങളിൽ ഇപ്പോൾ പൂർത്തിയായി വരുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന ആവിഷ്കരണ പദ്ധതി (RAPDRP)-യുടെ ഭാഗമായി സജ്ജമാകുന്ന കംപ്യൂട്ടർ അധിഷ്ഠിത സംവിധാനം പ്രവർത്തനക്ഷമമാകുന്നത് വരെ തുടരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വൈദ്യുതി തകരാർ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പഠനത്തിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) | ഇല്ല. |
| (സി) | ട്രബിൾ കാൾ മാനേജ്മെൻറ് സിസ്റ്റം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (സി) | ഇല്ല. മോഡൽ സെക്ഷൻ സമ്പ്രദായം നടപ്പിലാക്കിയതിനാൽ ട്രബിൾ കാൾ മാനേജ്മെന്റ് സിസ്റ്റം ആവശ്യമില്ല. |
| (ഡി) | കൺട്രോൾ റൂമുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ? | (ഡി) | നിലവാരമുള്ളതും കാര്യക്ഷമവുമായ വൈദ്യുതി വിതരണ സംവിധാനം ഉറപ്പാക്കുന്നതിനുവേണ്ടി സബ്സ്റ്റേഷനുകളുടെയും ഇലക്ട്രിക്കൽ സെക്ഷനുകളുടെയും പ്രവർത്തനം ഏകോപിപ്പിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കൺട്രോൾ റൂമുകൾ നിർവ്വഹിക്കുന്നത്. |

**സെക്ഷൻ ഓഫീസർ.**